## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4221** **21/07/2015-ലെ മറുപടിയ്ക്ക്**

**കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ**

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

**ഉത്തരം**

**ശ്രീ. കെ.പി. മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)**

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നും ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

(എ) ആർ.കെ.വി.വൈ (2014-15) പദ്ധതിയിൽ ഉൾപ്പെടുത്തി 22-01-2015 തീയതിയിലെ സ.ഉ. (എം.എസ്) നം.11/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ കൊരട്ടിച്ചാൽ ഗ്രാമപഞ്ചായത്തിലെ കൊരട്ടിച്ചാൽ തോടിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നതിനായി കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | പ്രവൃത്തി | തുക (രൂപയിൽ) |
|---|---|---|
| 1 | ബണ്ട് നിർമ്മാണവും കനാലിൻെറ ആഴം കൂട്ടലും | 9300000.00 |
| 2 | വാട്ടർ സ്റ്റോറേജിൻെറ ആഴം കൂട്ടലും സൈഡ് ബണ്ട് നിർമ്മാണവും | 15370000.00 |
| 3 | സ്ലൂയിസിൻെറയും ട്രാക്ടർ പാസേജിൻെറയും നിർമ്മാണം (10 മീറ്റർ വീതിയുള്ള ഒരെണ്ണം) | 6580000.00 |
| 4 | സ്ലൂയിസിൻെറയും ട്രാക്ടർ പാസേജിൻെറയും നിർമ്മാണം (6 മീറ്റർ വീതമുള്ള 2 എണ്ണം) | 1015000.00 |
| 5 | ട്രാക്ടർ പാസേജിൻെറയും റാമ്പിൻെറയും നിർമ്മാണം (2 എണ്ണം) | 3720000.00 |
| 6 | വാട്ടർ സ്റ്റോറേജിലേയ്ക്കുള്ള റാമ്പിൻെറ നിർമ്മാണം (2 എണ്ണം) | 1600000.00 |
| 7 | നെൽപാടത്തിലേയ്ക്കുള്ള റാമ്പിൻെറ നിർമ്മാണം (2 എണ്ണം) | 740000.00 |
| 8 | പ്രധാന ബണ്ടിലെ പൈപ്പ് സ്ലൂയിസ് നിർമ്മാണം (2 എണ്ണം) | 1090000.000 |
| 9 | കനാലിലേയ്ക്കുള്ള പൈപ്പ് സ്ലൂയിസിൻെറ നിർമ്മാണം (4 എണ്ണം) | 800000.00 |
| | **ആകെ തുക** | **49350000.00** |

സെക്ഷൻ ഓഫീസർ